REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-06-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.**
- **സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖല ആധുനീകരിക്കുമെന്ന് മന്ത്രി റോജി M ജോൺ.**
- **ജനാഭിലാഷങ്ങളുടെയും, അവകാശങ്ങളുടെയും വിശ്വാസത്തിന്റെയും പരമോന്നത കേന്ദ്രമാണ് പാർലമെന്റ് എന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.**
- **പകർച്ചവ്യാധി പ്രതിരോധത്തിന് നടപ്പാക്കുന്ന സ്കൂൾതല പ്രചാരണത്തിന് സംസ്ഥാനത്ത് തുടക്കമായി.**
- **FIFA ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി പത്തരക്ക് ഐവറിക്കോസ്റ്റ് - നോർവെയെ നേരിടും.**

## വാർത്തകൾ വിശദമായി

അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. ട്രോളിങ് നിരോധന കാലത്ത് മൽസ്യ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാത്തതു സഭ നിർത്തി വെച്ചു ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് സജി ചെറിയാൻ ഉൾപ്പെടെയാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.

മത്സ്യ തൊഴിലാളികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ഗവണ്മെന്റിനുണ്ടെന്ന് സജി ചെറിയാൻ പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ

ജീവിതം ദുഷ്കരമാണെന്നും, ആശ്വാസം നൽകേണ്ട നടപടി ഗവണ്മെന്റ് അടിയന്തരമായി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു

മത്സ്യ തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി ഗവണ്മെന്റ് സ്വീകരിച്ചതായി മന്ത്രി V.E അബ്ദുൾ ഗഫൂർ അടിയന്തര പ്രമേയ നോട്ടീസിന് മറുപടി നൽകി. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 4500 രൂപയാണ് മത്സ്യതൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന കാലത്ത് നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി. 4500 രൂപയിൽ ആദ്യ ഗഡുവായ 1500 രൂപ നൽകി വരികയാണെന്നും, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആദ്യ ഗഡു വിതരണം പൂർത്തിയായതായും മന്ത്രി അറിയിച്ചു.

മറ്റ് ജില്ലകളിൽ വരും ദിവസങ്ങളിൽ ആദ്യ ഗഡു വിതരണം പൂർത്തിയാവും.

ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നുണ്ടെന്ന് ഗവണ്മെന്റ് അറിയിച്ചതിനെ തുടർന്ന് സ്പീക്കർ പ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

മൽസ്യ തൊഴിലാളികളുടെ, സഹായം കുറയാതിരിക്കാൻ വിവിധ വകുപ്പുകളിൽ അധികമായി തുക അനുവദിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി VD സതീശൻ വ്യക്തമാക്കി. മൽസ്യതൊഴിലാളികൾക്ക് സംസ്ഥാന ഗവണ്മെന്റ് മുൻഗണന നൽകുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആലുവയിൽ പുതിയ ജല ശുദ്ധീകരണ ശാല ആരംഭിക്കണമെന്നാവശ്യപ്പെട്ട് TJ വിനോദും സ്വാശ്രയ മെഡിക്കൽ കോളേജുകൾ നിയമ വിരുദ്ധമായി ഈടാക്കിയ അധിക ഫീസ് തിരിച്ചു നൽകണമെന്നാവശ്യപ്പെട്ട് സേവ്യർ ചിറ്റിലപ്പള്ളിയും നിയമസഭയുടെ ശ്രദ്ധ ക്ഷണിച്ചു.

✪✪✪

വ്യാജ ലോൺ ആപ്പ് വഴി നടത്തുന്ന തട്ടിപ്പുകൾ തടയാൻ പൊലീസ് ശക്തമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. RBI യുടെ അംഗീകാരമോ ലൈസൻസോ ഇല്ലാതെ പ്രവർത്തിക്കുകയും സാമ്പത്തിക തട്ടിപ്പ് നടത്തുകയും ചെയ്ത 1,836 വ്യാജ ലോൺ ആപ്പുകൾ ബ്ലോക്ക് ചെയ്തതായി മന്ത്രി നിയമസഭയിൽ അറിയിച്ചു. തട്ടിപ്പുകൾക്കായി സൃഷ്ടിച്ച 5857 വ്യാജ ലോൺ വെബ്സൈറ്റുകളും നീക്കം ചെയ്തെന്നും, തട്ടിപ്പുകൾ തടയാൻ സൈബർ പൊലീസിന്റെ പട്രോളിംഗ് തുടരുന്നുണ്ടെന്നും രമേശ് ചെന്നിത്തല വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആധുനീകരിക്കാൻ ഗവൺമെന്റ് സമഗ്ര പരിഷ്കാരങ്ങൾ നടപ്പാക്കുമെന്ന് മന്ത്രി റോജി M ജോൺ

പറഞ്ഞു. മാറുന്ന തൊഴിൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് പാഠ്യപദ്ധതി പരിഷ്കരിക്കുമെന്നും മന്ത്രി നിയമസഭയിൽ അറിയിച്ചു.

✪✪✪

കേരളത്തിലെ കാർഷിക മേഖലയിൽ AI ഉപയോഗിച്ച് നൂതനപദ്ധതി നടപ്പാക്കാൻ ആലോചിക്കുകയാണെന്ന് മന്ത്രി T സിദ്ദിഖ് പറഞ്ഞു. ജീവിതശൈലീ രോഗങ്ങളുടെ ആധിക്യം കുറയ്ക്കാൻ പരമ്പരാഗത രീതി ഉപയോഗിച്ച് കൃഷി ശക്തിപ്പെടുത്തുമെന്നും സിദ്ദിഖ് നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

✪✪✪

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ബിരുദ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല പരിപാടി നാളെ മന്ത്രി റോജി M ജോൺ ഉദ്ഘാടനം ചെയ്യും. തുടർന്ന് വിദ്യാർത്ഥികളുമായി മന്ത്രി സംവദിക്കും. സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും ഇതിന്റെ ഭാഗമായി പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

പകർച്ചവ്യാധി പ്രതിരോധത്തിന് നടപ്പാക്കുന്ന സ്കൂൾതല പ്രചാരണത്തിന് സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മന്ത്രി K മുരളീധരൻ ഉദ്ഘാടനം ചെയ്തു. മന്ത്രി CP ജോൺ അധ്യക്ഷനായിരുന്നു. ചടങ്ങിൽ മന്ത്രി N ഷംസുദ്ദീൻ കുട്ടികൾക്ക് ശുചിത്വ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

✪✪✪

ഇന്ന് ലോക പാർലമെന്ററി ദിനം. ജനാധിപത്യത്തിൽ പാർലമെന്റുകൾ വഹിക്കുന്ന പ്രധാന പങ്കിനെ ഓർമ്മിപ്പിക്കാനും, അവയെ കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിനാണ് ഐക്യരാഷ്ട്രസഭ 2018-ൽ ജൂൺ 30 ലോക പാർലമെന്ററി ദിനമായി പ്രഖ്യാപിച്ചത്.

✪✪✪

എല്ലാ ജനപ്രതിനിധികൾക്കും ലോകത്തെ ജനാധിപത്യ സ്ഥാപനങ്ങൾക്കും ലോക്സഭാ സ്പീക്കർ ഓം ബിർള ലോക പാർലമെന്ററി ദിനത്തിൽ ആശംസ നേർന്നു. ജനാഭിലാഷങ്ങളുടെയും അവകാശങ്ങളുടെയും വിശ്വാസത്തിന്റെയും പരമോന്നത കേന്ദ്രമാണ് പാർലമെന്റ് എന്ന് അദ്ദേഹം പറഞ്ഞു.

ആശയങ്ങളും, നയങ്ങളും രൂപപ്പെടുത്തുകയും രാജ്യത്തിന്റെ ഭാവിയുടെ ദിശ നിർണയിക്കുകയും ചെയ്യുന്ന ഇടം കൂടിയാണ് പാർലമെന്റെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ  കുറിച്ചു. ശക്തവും, സ്വതന്ത്രവും, ഉത്തരവാദിത്വ പൂർണവുമായ പാർലമെന്റ് മാത്രമാണ് ജനാധിപത്യത്തിന്റെ യഥാർത്ഥശക്തിയും, പൗരന്മാരുടെ ഏറ്റവും വലിയ സംരക്ഷകനെന്നും അദ്ദേഹം അറിയിച്ചു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യത്തെ പ്രതിനിധീകരിക്കുന്ന ഇന്ത്യൻ പാർലമെന്റ് ഭരണഘടനയുടെ ആത്മാവിനെയും, ജനാധിപത്യ പാരമ്പര്യങ്ങളെയും എല്ലായ്പ്പോഴും ശക്തമായി ഉയർത്തിപ്പിടിച്ചതായും ഓം ബിർള പറഞ്ഞു.

✪✪✪

പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പനയും വിതരണവും നിയന്ത്രിക്കുന്ന താൽക്കാലിക നടപടികൾ പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. പശ്ചിമേഷ്യയിലെ സംഘർഷത്തെത്തുടർന്ന് ഇന്ധനക്ഷാമം തടയാനാണ് ഈ മാസം ആദ്യം, ഗവൺമെന്റ് താൽക്കാലിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. താൽക്കാലിക നടപടികൾ രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും മതിയായ ലഭ്യത ഉറപ്പാക്കാൻ സഹായിച്ചെന്നും, ചില്ലറ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചെന്നും കേന്ദ്രം അറിയിച്ചു. താത്കാലിക നിയന്ത്രണങ്ങളുടെ പിൻവലിക്കൽ നാളെ  പ്രാബല്യത്തിലാകും.

✪✪✪

പകർച്ചവ്യാധി പ്രതിരോധത്തിന് നടപ്പാക്കുന്ന സ്കൂൾതല പ്രചാരണത്തിന് സംസ്ഥാനത്ത് തുടക്കമായി.   തിരുവനന്തപുരം  കോട്ടൺഹിൽ സ്കൂളിൽ മന്ത്രി K മുരളീധരൻ ഉദ്ഘാടനം  ചെയ്തു.  മന്ത്രി CP ജോൺ അധ്യക്ഷനായിരുന്നു.  ചടങ്ങിൽ മന്ത്രി N ഷംസുദ്ദീൻ കുട്ടികൾക്ക് ശുചിത്വ പ്രതിജ്ഞ  ചൊല്ലി കൊടുത്തു.

✪✪✪

തെരുവ് നായ ആക്രമണങ്ങളെ സംബന്ധിച്ച സുപ്രീം കോടതി മാർഗ്ഗനിർദ്ദേശങ്ങൾ ഇന്ന് മുതൽ പാലിക്കണമെന്ന്  ആരോഗ്യ മന്ത്രാലയം എല്ലാ കേന്ദ്ര ഗവൺമെന്റ് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി.  തെരുവുനായ്ക്കളുടെ ആക്രമണം, പൊതുജന സുരക്ഷ,  ജുഡീഷ്യൽ നിർദ്ദേശങ്ങൾ പാലിക്കൽ എന്നിവ പരിഹരിക്കാൻ  അധികൃതർ നടപടികൾ ശക്തമാക്കുന്ന പശ്ചാത്തലത്തിലാണ്  നിർദ്ദേശം.

✪✪✪

FIFA ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി പത്തരക്ക് ഐവറിക്കോസ്റ്റ് - നോർവെയെ നേരിടും. നാളെ പുലർച്ചെ 2.30 ന് ഫ്രാൻസ് സ്വീഡനുമായും രാവിലെ 6.30 ന് മെക്സിക്കോ -എക്യുഡോറുമായും ഏറ്റുമുട്ടും.

ബ്രസീലും പരാഗ്വേയും മൊറോക്കോയും പ്രീ-ക്വാർട്ടറിൽ കടന്നു. രാവിലെ നെതർലെൻഡ്സിനെ ഷൂട്ടൗട്ടിൽ രണ്ടിനെതിരെ മൂന്ന് ഗോളിന് പരാജയപ്പെടുത്തിയാണ് മൊറോക്കോ പ്രീ ക്വാർട്ടറിലെത്തിയത്.

✪✪✪

വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ആദ്യ സെമിയിൽ ഓസ്ട്രേലിയ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. ലണ്ടനിൽ രാത്രി ഏഴിനാണ് മത്സരം.

✪✪✪

കണ്ണൂർ പെരിങ്ങോം കേന്ദ്രത്തിൽ പരിശീലനം പൂർത്തിയാക്കിയ CRPF 160-ാമത് ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡ് രാവിലെ പൂർത്തിയായി. കേന്ദ്രം മേധാവി മാത്യു M ജോൺ സല്യൂട്ട് സ്വീകരിച്ചു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

.....വോയ്സ്.......

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമാകും. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് മലപ്പുറം, കോഴിക്കോട്, വയനാട്, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരളാ - ലക്ഷദ്വീപ് തീരത്ത് മറ്റന്നാൾ വരെ മീൻപിടുത്തത്തിന് കാലാവസ്ഥാ വകുപ്പ് വിലക്കേർപ്പെടുത്തി.

✪✪✪

മംഗലാപുരത്ത് കടലിൽ കാണാതായ ആറു മൽസ്യത്തൊഴിലാഴികളെ ഇന്ത്യൻ കോസ്റ്റ് ഗാർഡ് രക്ഷപ്പെടുത്തി. യന്ത്രവൽക്കൃത ബോട്ടുകളുടെ സഹായത്തോടെയാണ് ഇവരെ രക്ഷപ്പെടുത്തിയതെന്ന് കോസ്റ്റ് ഗാർഡ് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഇന്നലെ കണ്ടെത്തിയ ഇന്ത്യൻ ഫിഷിങ് ബോട്ട് മഞ്ജുമാതാ കടലാക്രമണത്തിൽ പൂർണമായും നശിച്ചു.

✪✪✪

കോഴിക്കോട് എലത്തൂരിനടുത്ത് അപകടത്തിൽപ്പെട്ട ഫൈബർ ബോട്ടിലെ നാല് മത്സ്യത്തൊഴിലാളികളെ മറ്റൊരു വള്ളത്തിൽ ഉണ്ടായിരുന്ന തൊഴിലാളികൾ രക്ഷപ്പെടുത്തി. കണ്ണൂർ ആയിക്കര ഹാർബറിൽ നിന്നും പോയ 'ബിസ്മില്ല' എന്ന ഫൈബർ ബോട്ട് ആണ് അപകടത്തിൽപ്പെട്ടത്. ബോട്ടിന്റെ എൻജിൻ കേടായതിനെ തുടർന്നാണ് അപകടം.

✪✪✪

വിഴിഞ്ഞത്ത് നിന്ന് മത്സ്യബന്ധനത്തിനിടെ കടലിൽ കാണാതായ മൂന്ന് തൊഴിലാളികളെയും കണ്ടെത്തി. ഇവരെ ഉച്ച കഴിഞ്ഞ് വിഴിഞ്ഞത്തെത്തിക്കും.

വെട്ടുകാട് സ്വദേശികളായ സനു, റോബിൻസൺ, വലിയവെളി സ്വദേശി ബാബു എന്നിവരെയാണ് ഞായറാഴ്ച കാണാതായത്.

✪✪✪

സംസ്ഥാനത്ത് 2027-ലെ സെൻസസിന്റെ ഭാഗമായി പൊതുജനങ്ങൾ സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്തുന്ന സെൽഫ് എന്യൂമറേഷന്റെ സമയ പരിധി ഇന്ന് അവസാനിക്കും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്. നാളെ മുതൽ വീടുകൾ തോറും വിവരശേഖരണം തുടങ്ങും.

✪✪✪

കാക്കനാട് മാവേലിപുരം ഓണം പാർക്കിന് സമീപം സൈക്കിൾ ഓടിക്കുന്നതിനിടെ താഴ്ചയിലേക്ക് വീണ് 12 വയസുകാരി മരിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ KV മനോജ് കുമാർ അപകടസ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സംഭവത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ തൃക്കാക്കര നഗരസഭയ്ക്ക് കർശന നിർദ്ദേശം നൽകി.

✪✪✪

ഇടുക്കി അണക്കര ഗവ: സ്കൂളിൽ വിദ്യാർത്ഥിക്ക് മർദ്ദനമേറ്റ സംഭവത്തിൽ അധ്യാപകനെതിരെ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം ആരംഭിച്ചു. കട്ടപ്പന DEO വിനാണ് അന്വേഷണ ചുമതല.

മർദ്ദനമേറ്റ കുട്ടിയുടെയും മാതാപിതാക്കളുടെയും മൊഴിയെടുക്കും. കുട്ടിയെ ചൂരൽ കൊണ്ട് മർദ്ദിച്ചു എന്ന് ഹെഡ്മാസ്റ്റർ പ്രാഥമിക റിപ്പോർട്ട് നൽകിയിരുന്നു.

✪✪✪

നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസും സ്ഥിതിവിവരക്കണക്ക് വകുപ്പും സംയുക്തമായി ഇരുപതാമത് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് സാമ്പത്തിക ദിനം ആഘോഷിച്ചു. കോഴിക്കോട് ടൗൺഹാളിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് മേഖലാ ഡയറക്ടർ G വിഷ്ണുരാജ് ഉദ്ഘാടനം ചെയ്തു. 'ആധുനിക യുഗത്തിൽ സാമ്പിൾ സർവ്വെയുടെ പ്രസക്തി' എന്ന വിഷയത്തിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ മുൻ ചെയർമാൻ PC മോഹനൻ മുഖ്യ പ്രഭാഷണം നടത്തി.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: അൻഷ കരീം*
*News Team: ശ്രുതി എം, ജാസ്മി*
*DEO: ഷീബ*